# മഞ്ഞ്

## ഡിജിറ്റൽ മാഗസിൻ

ഡി.എച്ച്.ഒ.എച്ച്.എസ്.എസ്.പൂക്കരത്തറ



# ആമുഖം

സ്ക്രൂൾ വിദ്യാഭ്യാസം ഹൈടെക്കായി മാറുന്ന ഈ കാലത്ത് വിവരസാങ്കേതിക വിദ്യയുടെ വിനിമയം ഒഴിവാക്കാനാവില്ല.


കുട്ടികൾക്ക് സാങ്കേതികവിദ്യയുടെ പുതിയ മേഖലകൾ പരിചയപ്പെടാനും ഉന്നതങ്ങളിലേക്കുള്ള പടവുകൾ ചവിട്ടിക്കയറാനുള്ള വലിയൊരു മാർഗ്ഗമാണ് ലിറ്റിൽ കൈറ്റ്സ് വിഭാവനം ചെയ്യുന്നത്.

ഞങ്ങൾ തയ്യാറാക്കിയ കഥകൾ,കവിതകൾ,കുറിപ്പുകൾ,ലേഖനങ്ങൾ എന്നിവ ഓർമ്മകളിൽ നിന്നും മായ്ച്ചു കളയാതെ കാത്തു സൂക്ഷിക്കുന്നതിനായി ഞങ്ങളുടെ കൈയ്യൊപ്പ് പതിഞ്ഞ ഈ ഡിജിറ്റൽ മാഗസിൻ **"മഞ്ഞ് "**ഞങ്ങൾ സമർപ്പിക്കുകയാണ്

# താളുകളിലൂടെ.....


| | | |
|---|---|---|
| 1 | അവസ്ഥ | 4 |
| 2 | വൃദ്ധസദനം | 5 |
| 3 | കാറ്റ് | 7 |
| 4 | എന്റെ വിദ്യാലയം | 8 |
| 5 | തവളയും സുന്ദരി മീനും | 9 |
| 6 | അമ്മ | 10 |
| 7 | അത്യാഗ്രഹം ആപത്ത് | 11 |
| 8 | വരൾച്ച | 12 |
| 9 | കടങ്കഥകൾ | 13 |
| 10 | അഹല്യ | 14 |
| 11 | friendship | 16 |
| 12 | പരീക്ഷണത്തിലൂടെ വിജയിച്ച | 17 |
| 13 | ചെമ്പരത്തി | 19 |
| 14 | പഴഞ്ചൊല്ലുകൾ | 22 |
| 15 | നോവ് | 23 |
| 16 | കുട്ടികളിലെ മാറ്റങ്ങൾ | 25 |
| 17 | കെണി | 27 |
| 18 | കർഷകനും മക്കളും | 29 |
| 19 | തിരിച്ചറിവ് | 31 |
| 20 | വരകളിലൂടെ .......... | 35 |

# അവസ്ഥ



എഴുതിത്തുടങ്ങാൻ ശ്രമിക്കു
ന്ന കൈകളാൽ
ജീവനായിത്തേങ്ങുന്ന ഹൃദയത്തുടിപ്പിനായ്
അരികിലില്ലാത്തവർ  സ്മരണയായ്....
എന്റെ നിറങ്ങളെ വേർപ്പെടുത്തി
തമസ്സിൻ ഭയവും വെടിഞ്ഞു
ചിത്തത്തിൻ താളങ്ങൾ
തെറ്റിത്തുടങ്ങി
ജീവൻ തൃജിക്കാൻ മനസ്സുതൻ ആജ്ഞ
ശബ്ദം വെടിഞ്ഞൊരാ നിശ്ചല ഭൂമി
വാക്കുകൾ  മിണ്ടാത്ത ജീവിത യാത്ര
മഴത്തുള്ളി കണ്ണീരുറവായായ് നീങ്ങി...
അവസാനമില്ലാത്ത രാത്രിയിൽ മുങ്ങി...
തേങ്ങതെ തേങ്ങിയ നിമിഷങ്ങളോടൊത്തു...
നിർത്താതെ നിറമില്ലാ
ഇരുട്ടിൻ യാത്രയും നീങ്ങി...

- ശ്രിയ.കെ     8F

# വൃദ്ധസദനം



**ന**മ്മൾ കണ്ടിട്ടില്ലേ.ഓരോ ജീവിതങ്ങൾ തെരുവിൽ കഴിയുന്നത്.അവരെ സമ്പന്തിച്ചെല്ലാം സ്വർഗ്ഗത്തിലാണ് കഴിയുന്നത്.ഒരു നേരെത്തെ ഭക്ഷണം കിട്ടാതെ ഒരു തുള്ളി വെള്ളം പോലും വാങ്ങാൻ കഴിവില്ലാത്ത ജീവിതങ്ങൾ.നമ്മൾ ഓരോരുത്തരും അവരെ പുതിയ ലോകത്തേക്ക് കൈപ്പിടിച്ച് കൊണ്ട് വരണം.ഇവരിൽ പലരും പ്രായമായവരാണ്.ഇവർ തന്റെ മക്കളെ പൊന്നുപോലെ സൂക്ഷിച്ചും സംരക്ഷിച്ചും വളർത്തി,ഒരു നേരത്തെ വിശപ്പറിയിക്കാതെ മക്കൾ പറയുന്നതെല്ലാം വാങ്ങിത്തന്ന് നമ്മളെ പഠിപ്പിച്ച് വളരെ വലിയ ഉദ്ധ്യോഗസ്ഥനാക്കും.എന്നാൽ ആ മക്കൾ അവരെ ഉപേക്ഷിക്കും.അവർക്ക് പ്രായമായിവരുംതോറും അവർ ഒരു ഭാരമായി തോന്നും.അപ്പോൾ അവരെ വല്ല വൃദ്ധ

സദനത്തിലും  കൊണ്ടുപോയി ഉപേക്ഷിക്കും.ഇവരിലെ ഉള്ളിൽ സങ്കടവും മക്കളെ വളർത്തിയ കഷ്ടപ്പാടും ഓർത്ത് അവർക്ക് ചിലപ്പോൾ മനസ്സിനെ നിയന്ത്രിക്കാൻ കഴിയില്ല.അവരെയെല്ലാം നമ്മൾ സന്ദർശിക്കുമ്പോൾ ഒരുപക്ഷേ നമ്മളോടോ ദേഷ്യത്തിലോ വാത്സല്യത്തോടെയും പെരുമാറും. സ്വന്തം മാതാപിതാക്കളെ ഉപേക്ഷിക്കുന്നവർ അറിയുന്നില്ലേ നാളെ അവരും പ്രായമാകുമെന്ന്. അതിനാൽ നമ്മൾ നമ്മുടെ മാതാപ്പിതാക്കളെ നന്നായി സ്നേഹിക്കുക.അവരോടൊത്ത് ഒരു നിമിഷമെങ്കിലും ചെലവഴിക്കുക.ഇനി ഒരു ജീവനും തെരുവിലും വൃ ദ്ധസദനത്തിലുമായിരിക്കരുത്.അവരെയും നമ്മുടെ കൂടെ കൂട്ടുക...

അസ്‌ല ഫാത്തിമ 8D

# കാറ്റ്

**മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ...**
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ...
നിന്മുഖം കാണുവാനെത്രനാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടെ...
ഒന്നിച്ചോരല്പ്പം കളിച്ചുകൂടെ...
മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്രനാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടെ...
ഒന്നിച്ചോരല്പ്പം കളിച്ചുകൂടെ...

-മുഹമ്മദ് സഹൽ.കെ

# എന്റെ വിദ്യാലയം

തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും
രുംഗമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം
ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞിടുന്ന
വാനമിന്നിതാ ചിരിക്കുന്നു
പാലൊളി ചിതറുന്ന മുൾച്ചെടിത്തലപ്പിലും
പുഞ്ചിരി വിരിയാറുണ്ടചെറു
പൂന്തോപ്പിലെ പനിനീരുരയ്ക്കുന്ന,
മധുവിൻ മത്താൽപ്പാറി മൂളുന്നു...
മധുപങ്ങൾ മധുരമിജ്ജീവിതം
ചെറുതാണെന്നാകില്ലും ആരെല്ലൻ ഗുരുനാഥൻ
പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നതെന്തോ...



# തവളയും സുന്ദരി മീനും



**മീ**നുകൾ
തുള്ളിച്ചാടുമ്പോൾ തവളകൾ
കണ്ടു രസിക്കുന്നു.
മീനേ മീനേ
സുന്ദരി മീനേ
നിന്നെ കാണാൻ
എന്തൊരു ചന്തം
എന്റെ കൂടേ
കളിക്കാൻ വരുമോ നീ
നമുക്കൊരുമിച്ച് കളിയാടാം...

**Mahya 9A**

# അമ്മ



**അ**മ്മയാണ് സത്യം...

അമ്മതന്നെ സ്നേഹം...

അമ്മയാണ് കൺമുന്നിൽ കാണുന്ന ദൈവം...

ദൈവത്തിനെന്തെല്ലാം നന്മകളുണ്ടോ

അവയെല്ലാം ഈ മണ്ണിൽ,

അമ്മയിൽ മാത്രം...

# അത്യാഗ്രഹം ആപത്ത്

ഒരിടത്ത് ഒരിടത്ത് ഒരു പാവപ്പെട്ട കൃഷിക്കാരന് ഒരു ഭംഗിയുള്ള താറാവ് ഉണ്ടായിരുന്നു.എല്ലാ11 ദിവസവും ആ കൃഷിക്കാരൻ കാട്ടിൽ  പോകുമായിരുന്നു.ഒരു ദിവസം പോയപ്പോൾ ഒരു താറാവ് സ്വർണ്ണമുട്ട ഇടുന്നത് അയാൾ കണ്ടു.അപ്പോൾ അയാൾ ആ താറാവിനെയും മുട്ടയും എടുത്തു. എന്നിട്ട് അയാൾ എന്നും ആ താറാവിടുന്ന സ്വർണ്ണമുട്ട ചന്തയിൽ കൊണ്ടുപോയി വിൽക്കുമായിരുന്നു.അങ്ങനെ അയാൾ ധനികനായി. ധാരാളം കാശ് വന്നപ്പോൾ കുബുദ്ധി തോന്നി.ആ താറാവിനെ കൊന്ന് വയറുകീറിയാൽ ധാരാളം സ്വർണ്ണമുട്ട കിട്ടുമല്ലോ എന്ന്.അങ്ങനെ അയാൾ താറാവിനെ കൊന്ന് വയറുകീറി.പക്ഷേ അതിൽ ഒരു മുട്ടപോലും ഉണ്ടായിരുന്നില്ല.ആ താറാവ് ചത്തു പോവുകയും ചെയ്തു.

# വരൾച്ച

**ഉ**ഷ്ണത്തിൻ കാറ്റിതാ വീശുന്നു
പുഴയാകെ വറ്റിവരണ്ടു പോയി...
ഒരു തുള്ളി നീർ നാവിലെത്തീടുവാൻ
കാത്തിരിന്നീടുന്നു തരിശു ഭൂമി...
തലയ്ക്കുമീതെ സൂര്യൻ ചൂടെറിയുന്നു...
ആഹ്ലാദരവങ്ങൾ മാറി ദാഹമായി
കുഞ്ഞുപുൽനാമ്പുകൾ
നനവിനായി കാത്തീടുന്നു...
ഉഷ്ണം സഹിക്കാതെ
തേടുകയാണീ മഴയെ...
പുൽച്ചെടികൾ മഴയെവിടെന്നറിയാതിങ്ങനെ
ഇങ്ങനെ.......

Diyana Femin 8K

# കടങ്കഥകൾ

1.അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി ?

ഉ..മുളയുടെ തലപ്പ്

2.അകത്തുനിന്നു നോക്കിക്കാണും കണ്ടതെല്ലാം

ഉള്ളിലാക്കും ?

ഉ..ക്യാമറ

3.സൂചി കാലിൽ വട്ടം തിരിയും മൊട്ടത്തലയൻ കുട്ടപ്പൻ ?

ഉ..പമ്പരം

4.അക്കരെ നിൽക്കും കൊമ്പൻ കാളയ്ക്ക് അറുപത്തിനാല്

മുടിക്കയർ ?

ഉ..കുമ്പളവള്ളി

5.സൂര്യനിൽ ഉണ്ട്,ചന്ദ്രനിൽ ഇല്ല,ചിങ്ങത്തിൽ

ഉണ്ട്,മിഥുനത്തിൽ ഇല്ല.ഞാൻ ആര് ?

ഉ..സൂചി

6.അമ്മ കല്ലിലും മുള്ളിലും,മകൾ കല്ല്യാണ പന്തലിൽ

ഉ..വാഴ,വാഴക്കുല

7.വഴിയിൽ കഴിഞ്ഞവൻ ചന്തയിൽ ?

ഉ..ചീര

8.അരയുണ്ട്,കാലുണ്ട്,കാലിൽ പാദം ഇല്ല.

ഉ..പാന്റ്

## അഹല്യ

അന്നമ്മയിറുത്തോരു പൂവൊന്നു കാണുവാൻ
കുന്നിൻ ചെരുവിലെ കുഞ്ഞുസൂര്യനെ കാണുവാൻ
പാടത്തൊന്നോടിക്കളിക്കാൻ പാറുന്ന തുമ്പിയെ
കാണാൻ...
പുൽക്കൊടിയോട് പുന്നാരം ചൊല്ലണം
പിണങ്ങിപ്പറക്കും അപ്പൂപ്പൻതാടിയെ തലോടണം
നാട്ടുവഴിയിലൂടൊന്നോടണം ഞാറ്റുവേല പാട്ടൊന്നു
കേക്കണം...

പിന്നെകടലൊന്നുകാണണം കാറ്റിന്റെ കൈപിടിച്ച്

ഓടണം...

എല്ലാവരുമൊത്തൊന്നോടിക്കളിക്കേ 'ആരുതെന്ന്' അമ്മ

ചൊല്ലുന്നതെന്തേ...

ഇഷ്ടമാണുനിൻ മോഹങ്ങളെനിക്കോമനെ പക്ഷേ

കഷ്ടമാണീകുഷ്ടം പിടിച്ച ലോകം...

ചുറ്റുമിരുട്ടാണ് കൊത്തിവലിക്കാൻ കാത്തിരിപ്പാണ്

കഴുകൻ കുറുനരിയും...

അനന്യ .വി.പി 8F




Kavitha PT 8A

# FRIENDSHIP

Friendship is an art
lets keep it in our heart
friends are precious
friendship is powerfull

Friends are the ones
who knows us most
friends are the flowers
friendship is the garden

Insects are the straingers
friendship is like rainbow
colours are the beauty
happy life is started

Going to the journey
the lovely non stop journey
friendship is longlasting
good friendship is endless

shriya.k 8F

# പരീക്ഷണത്തിലൂടെ വിജയിച്ച രാജകുമാരൻ

പണ്ട് ഒരു കൊട്ടാരത്തിലെ രാജാവ് തന്റെ മകന്റെ അറിവ് അറിയാൻ ഒരു പരീക്ഷണം നടത്താൻ തീരുമാനിച്ചു.രാജാവ് മകനെ അടുത്ത് വിളിച്ച് പറഞ്ഞു ു:മകനേ നീ നിന്റെ അറിവ് പ്രപ്തമാക്കിയിരിക്കുന്നു.ഇനി നീ നിന്റെ അമ്മാവന്റെ വീട്ടിൽ നിൽക്കണം.ഇവിടെ നിന്ന് കുറച്ച് ദൂരമുണ്ടവിടേയ്ക്ക്.മകൻ അച്ഛൻ പറഞ്ഞതനുസരിച്ച് യാത്രയായി.കാട്ടിലൂടെയായിരുന്നു യാത്ര.മകന്റെ അറിവ് നോക്കാൻ രാജാവും പിന്നാലെ പോയി.ഏറെ നേരത്തിനു ശേഷം രാജകുമാരൻ ഒരു പുഴയുടെ തീരത്തെത്തി.പുഴ കടക്കാൻ അവിടെ ഒന്നുമുണ്ടായിരുന്നില്ല.മകൻ പുഴയുടെ തീരത്ത് നിൽക്കുന്നത് രാജാവ് ഒളിച്ചിരുന്നു കണ്ടു.മകൻ

ഒരു മരം വെട്ടി ചങ്ങാടം നിർമ്മിച്ച് അതിൽ കയറി പുഴ കടന്നപ്പോൾ ഇതെല്ലാം നോക്കിനിന്ന രാജാവിനു സന്തോഷമായി.മകൻ ആ ചങ്ങാടെ ഉപേക്ഷിച്ച് യാത്ര തുടർന്നു.മകൻ ഉപേക്ഷിച്ച ആ ചങ്ങാടം ഉപയോഗിച്ച് രാജാവും പുഴ കടന്നു.കുറച്ച് ദൂരം കഴിഞ്ഞപ്പോൾ അവർ ഇരുവരും ഒരു ശബ്ദം കേട്ടു.രാജകുമാരൻ ശബ്ദം കേട്ട സ്ഥലത്തേക്ക് പോയി നോക്കി.ഒരു പാവം വയസ്സായ വൃ ദ്ധ അവിടെ വീണു കിടക്കുന്നു.നല്ലവനായ ആ രാജകുമാരൻ

ആ വൃദ്ധയെ സഹായിക്കുന്നു. ഇതെല്ലാം കണ്ടുനിന്ന രാജാവിന് അഭിമാനവും സന്തോഷവും തോന്നി.തന്റെ കാലശേഷം തന്റെ മകൻ രാജാവായാൽ ആ നഗരത്തിലുള്ളവർ സന്തോഷത്തോടെ ജീവിക്കുമെന്ന് രാജാവിനു ഉറപ്പായി.

നിരഞ്ജന.പി.എം 8D

# ചെഗുവേര

**ലോ**കം ഇത്രമേൽ നെഞ്ചോട്ടുചേർത്തിയ മറ്റൊരു വിപ്ലവകാരി ഉണ്ടാവില്ല.പോരാട്ട വീര്യം കൊണ്ട് സാമ്രാജ്യത്യ ശക്തികൾക്കുമേൽ വിജയം നേടിയ പ്രിയപ്പെട്ട ചെയുടെ ഓർമ്മകൾക്ക് ഇന്നേക്ക് 56 വർഷം തികയുന്നു.



വെറും നാൽപ്പതു വർഷം ജീവിച്ചിട്ടും മരണത്തിനപ്പുറം അര നൂറ്റാണ്ട് പിന്നിട്ടിട്ടും ലോകമെമ്പാടുമുള്ള വിപ്ലവകാരികൾക്ക് ഇന്നും ആശയവും ആവേശവുമാണ്”ചെഗുവേര”.

1928 ജൂൺ 14 ന് അർജന്റീനയിലെ റൊസാരിയോയിൽ ജനിച്ചു. 1952 ലാണ് ചെ സുഹൃത്തായ ആൽബെർട്ടോ ഗ്രനാഡിയോടൊപ്പം മോട്ടോർ സൈക്കിളിലൂടെ ലാറ്റിൻ അമേരിക്കയിലൂടെ സഞ്ചരിച്ചത്.ലാറ്റിൻ അമേരിക്കൻ ജീവിതം നേരിൽ കണ്ട ഈ യാത്രയാണ് ചെയുടെ അടിസ്ഥാന രാഷ്ട്രീയ ബോധം രൂപപ്പെടുത്തിയെന്നു വേണം കരുതാൻ .1953 ൽ ഗ്വാട്ടിമാലയിൽ നിന്നാണ് "ചെ" എന്ന വിപ്ലവകാരിയുടെ ജീവിതം ആരംഭിക്കുന്നത്.

വിപ്ലവകാരികൾക്ക് ഊർജ്ജം പകരുന്നതാണ് സാന്താ ക്ലാര യുദ്ധത്തിന്റെ വിജയം. 1967 മാർച്ച് 23 ന് ബൊളീവ്യയിലെ ആദ്യത്തെ ഒളിപ്പോരാട്ടത്തിൽ ബൊളീവിയൻ സൈനിക വ്യൂഹത്തെ കീഴ്പ്പെടുത്തി. ഒക്ടോബർ 8 ന് 17 ഗറില്ലകൾക്കൊപ്പം കാലിൽ പരുക്കേറ്റ നിലയിൽ എതിരാളികൾ അദ്ദേഹത്തെ പിടികൂടി.

ഒക്ടോബർ 9 ന് അമേരിക്ക യുടെയും ബൊളീവ്യയുടെയും നിർദ്ദേശപ്രകാരം ചെയെയും 2 ഗറില്ലകളെയും വധിക്കപ്പെട്ടു. മരിക്കുമ്പോൾ വെറും 39 വയസ്സായിരുന്നു ആ വിപ്ലവ സിംഹത്തിന്. ചെ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ വിപ്ലവ പ്രതീകമാണ്.അദ്ദേഹം പറയുന്നു: ഈ അസ്തമയത്തിൽ എനിക്ക് നിരാശയില്ല ,നാളെയുടെ ഉദയത്തിലാണ് എന്റെ പ്രതീക്ഷ....




നാജിൽ 9F

# പഴഞ്ചൊല്ലുകൾ

1.സമ്പത്ത് കാലത്ത് തൈ പത്ത് നട്ടാൽ ആപത്തു കാലത്ത് കാപത്തു തിന്നാം

2.മുളയിലറിയാം വിള

3.ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം

4.കൂറ്റൻ മരവും കാറ്റത്തു കുലുങ്ങും

5.മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല

6.കാലത്തേ വിതച്ചാൽ നേരത്തേ കൊയ്യാം

7.ആഴത്തിൽ ഉള്ളത് അകലെ നടണം

8.വേരിനു വളം വെക്കാതെ തലയ്ക്ക് വെച്ചിട്ടെന്ത് കാര്യം

9.മുൻവിള പൊൻവിള

10.നട്ടാലേ നേട്ടമുള്ളൂ

11.അടി തെറ്റിയാൽ ആനയും വീഴും

12.എല്ലുമുറിയേ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം

# നോവ്

**പ**ണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട കർഷകനും കുടുംബവും ഉണ്ടായിരുന്നു. കഠിനാധ്വാനിയായ ആ കർഷകന് തന്നെപ്പോലെ കഠിനാധ്വാനിയായ ഒരു മകനും ഉണ്ടായിരുന്നു. കർഷകന്റെ മകന് ഭാര്യയും ഒരു കൊച്ചുകുഞ്ഞും ഉണ്ടായിരുന്നു.




ഒരിക്കൽ കർഷകൻ തന്റെ നിലത്തിൽ കൃഷി ചെയ്ത് കൊണ്ടിരിക്കെ ശക്തമായ വെയിൽ കാരണം തല ചുറ്റി വീണു.അത് കണ്ട മകൻ ഓടിവന്ന് അച്ഛനെ കൃഷിയിടത്ത് നിന്നും വീട്ടിലേക്ക് കൊണ്ടു പോയി.എന്നിട്ട്

ആ പെരും വെയിലത്ത് നിന്ന് വീണ്ടും പണിയെടുക്കാൻ തുടങ്ങി.മകനേ മതി  വെയിൽ ഇനി മാറിയിട്ട് പണിയെടുക്കാം എന്ന് പറഞ്ഞ അച്ഛന്റെ വാക്കിനു വില കൊടുക്കാതെ അവൻ പണി എടുത്തു.ഇത് കണ്ട കൃ ഷിക്കാരന് വളരെയധികം സങ്കടമായി.എന്നിട്ട് ആ

കർഷകൻ തന്റെ പേരക്കുട്ടിയെം എടുത്ത് ആ പൊരിവെയിലിൽ വന്നു നിന്നു. ഇത് കണ്ട മകൻ അച്ഛനോട് "ഈ വെയിലത്തേക്കാണോ കുഞ്ഞിനെ കൊണ്ടുവന്നേക്കുന്നേ"എന്നും പറഞ്ഞ് കുഞ്ഞിനെ വാങ്ങി.ഇത് കേട്ട് കർഷകൻ പുഞ്ചിരിയോടെ പറഞ്ഞു:കാക്കക്ക് തൻ കുഞ്ഞ് പൊൻ കുഞ്ഞ്... അപ്പോൾ ആ മകൻ തല താഴ്ത്തി നിന്നു.

- ഭുവന.സി 9E

# കുട്ടികളിലെ മാറ്റങ്ങൾ

നമ്മൾ കേട്ടിട്ടില്ലേ എബ്രഹാം ലിങ്കനെ പറ്റി. അദ്ദേഹം തെരുവ് വിളക്കിന്റെ വെളിച്ചത്തിരുന്നാണ് പഠിച്ചിരുന്നത്. ഇന്നത്തെ കാലത്ത് കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യവും ടെക്നോളജിയും വർദ്ധിച്ചിരിക്കുന്നു. പക്ഷെ പകുതിയിലേറെ കുട്ടികളും മൊബൈൽ ഗെയ്മിൽ അടിമപ്പെട്ടിരിക്കുന്നു. കൂടാതെ ഏകദേശം 10 വയസ്സിന് മുകളിലുള്ള കുട്ടികൾ വരെ ലഹരിക്ക് അടിമപ്പെട്ടിരിക്കുന്നു. ഇതെല്ലാം ഈ കൊറോണ സമയങ്ങളിലെ ഒന്നര വർഷക്കാലത്തെ അവധിക്കാലത്താണ് സംഭവിച്ചത്. കുട്ടികളെ ആകെ മാറ്റിക്കളഞ്ഞത്. കൊറോണ സമയങ്ങളിൽ ടെലവിഷൻ,മൊബൈൽ എന്നിവയിലൂടെയാണ് പഠനം മുന്നോട്ട് പോയിരുന്നത്. ഒന്നര വർഷക്കാലത്തെ അവധിക്ക് ശേഷം കുട്ടികൾ വീണ്ടും വിദ്യാലയങ്ങളിലേക്ക്... ജാഗ്രത കൈ വിടാതെ കുട്ടികളും അധ്യാപകരും പഠനം മുന്നോട്ട് കൊണ്ട് പോയി.കൂട്ടുകാരെ കണ്ട സന്തോഷത്തിൽ ആ സന്തോഷം പ്രകടിപ്പിക്കാൻ പോലും കഴിയാതെ

നിരാശരായിരുന്നു.മാസ്ക്കും ഹാന്ഡ്വാഷും കൈയിൽ കരുതണമായിരുന്നു.വീട്ടിലിരുന്ന് മടുത്തതിനാൽ കുട്ടികൾക്ക് കുറുമ്പ് കൂടിവന്നു. ഇപ്പോൾ അദ്ധ്യാപകർ ആദ്യം മുതലേ പഠിപ്പിച്ചുതുടങ്ങേണ്ട അവസ്ഥയാണ്. 2023 വന്നപ്പോഴേക്കും മാസ്ക് വേണ്ട, ലോക്ക്ഡൗൺ ഇല്ല, സാനിറ്റൈസർ ഉപയോഗിക്കേണ്ട എന്നായി.കുട്ടികൾക്ക് സന്തോഷമായി.പിന്നങ്ങോട്ട് കുട്ടികളുടെ ശ്രദ്ധ മൊബൈലിലേക്കായി.എന്നാലും കുട്ടികൾ തന്റെ ഭാവിയെപ്പറ്റി ചിന്തിച്ചെങ്കിലും പഠനം മുന്നോട്ട് കൊണ്ട്പോണം.തന്റെ രക്ഷിതാക്കൾ ചിലവഴിക്കുന്ന പൈസയെല്ലാം തനിക്കുവേണ്ടി ആണെന്നുള്ള ചിന്ത നമുക്കെല്ലാവർക്കും വേണം.വിദ്യാഭ്യാസം കൈവിടാതെ നാം മുന്നേറിയ എല്ലാ വഴികളും ഓർത്ത് കൊണ്ട് ഉയർന്ന നിലയിൽ നമ്മൾ ഓരോരുത്തരും എത്തിച്ചേരും...

- അസ്‌ല

# കെണി

ഞങ്ങളുടെ സ്കൂളിൽ ഒരു കൗൺസിൽ ടീച്ചർ വന്ന ക്ലാസെടുത്തു.ടീച്ചർ ഒരു കഥ പറഞ്ഞു. നമ്മുടെ ഇക്കാലത്തെ ചുറ്റു പാടുകളുമെല്ലാം മാറിമറിയുകയാണ്. എല്ലാവരും മയക്കുമരുന്നിന്ന അടിമപ്പെടുകയാണ്. നമ്മുടെ അടുത്ത് തന്നെ എത്ര എത്ര കൊലപാതകങ്ങളാണ് നടക്കുന്നത്.കുറച്ച് ദിവസങ്ങൾക്കുമുമ്പ് ഒരു കുട്ടി സ്വന്തം വല്ല്യുമ്മയെയും വല്ല്യുപ്പയെയും കൊന്നു.അതും വെറും രണ്ടായിരം രൂപയ്ക്ക് വേണ്ടി.മയക്കുമരുന്നിന്റെ അടിമയായിരുന്ന അവൻ. ചെറുപ്പത്തിൽ അവർ എത്ര സ്നേഹിച്ചിട്ടുണ്ടാവും. ചുറ്റുപാടും കെണികളാണ്.നാം ഓരോരുത്തരും ശ്രദ്ധിക്കണം. നമ്മുടെ കൂട്ടുകാർ പോലും നമ്മെ തെറ്റിലേക്ക് നയിക്കാം. മറ്റൊരു കൊടും ക്രൂരതയാണ് അഞ്ച് വയസ്സുള്ള ഒരു പിഞ്ചുകുഞ്ഞിനെ കൊന്നത്. ഒരു കുറ്റവും ചെയ്യാത്ത ആ പാവം

കൂട്ടുകീരോടൊത്ത് കളിക്കുക ആയിരുന്നു. ഒരു ദുഷ്ടൻ വന്ന് വിളിച്ച് കൊണ്ടു പോയി കൊന്നു. എന്നാലും എന്തിനാവും അയാൾ ആ കുട്ടിയെ കൊന്നത്. ആ കുഞ്ഞിന്റെ മാതാപിതാക്കൾ ഇതെങ്ങനെ സഹിക്കും.

പണ്ട് കാലങ്ങളിൽ വളരെ സ്നേഹത്തിലും ഐക്യത്തിലും കഴിഞ്ഞുപോയിരുന്ന ഈ നാടിനെ ലഹരി ഒറ്റ വിപത്ത് കാർന്നുതിന്നുകയാണ്. അന്നത്തെ കാലത്തിലെ കുട്ടികൾക്ക് ഗ്രാമങ്ങളിൽ താമസിക്കാനും പുറത്ത് പോയി കളിക്കാനും ആയിരുന്നു. എന്നാൽ ഇക്കാലത്ത് നമ്മുടെ നാട്ടിൽ നടക്കുന്നത് നമ്മൾ ഫോണിലൂടെ വേണം കാണാൻ. ഗ്രാമങ്ങളിൽ താമസിക്കാനും കൃഷി ചെയ്യാനും ഇന്നാരും തന്നെ ഇഷ്ടപ്പെടുന്നില്ല. ടീച്ചർ അങ്ങനെ കുറേ കാര്യങ്ങൾ പറഞ്ഞു തന്നു. ഇന്നത്തെ കാലത്തെ അപകടങ്ങളെക്കുറിച്ചെല്ലാം ടീച്ചർ മുൻകരുതൽ നൽകി.

# കർഷകനും മക്കളും

ഒരിക്കൽ ഒരിടത്ത് ദരിദ്രനായ ഒരു കർഷകൻ ജീവിച്ചിരുന്നു.അയാൾക്ക് മൂന്ന് മക്കളുണ്ടായിരുന്നു. താൻ ഇനി അധിക കാലമില്ല എന്ന് മനസ്സിലാക്കിയ അദ്ധേഹം മക്കളോട് പറഞ്ഞു: നമ്മുടെ പൂർവികർ കൈമാറിവന്ന ഭൂമിയാണിത്. ഇത് നിങ്ങൾ ഒരിക്കലും വിൽക്കരുത്.ഈ സ്ഥലത്തിന്റെ ഒരു ഭാഗത്ത് ഒരു നിധി ഉണ്ട്.ഇത്രയും പറഞ്ഞ് ആ കർഷകൻ മരിച്ചു. കുറച്ച് ദിവസം കഴിഞ്ഞ് മക്കളെല്ലാം നിധി അന്വേഷിക്കാൻ തുടങ്ങി. വയലെല്ലാം കിളച്ചുമറിച്ചു നോക്കി. പക്ഷേ നിധിയൊന്നും കിട്ടിയില്ല. അപ്പോൾ അതുവഴി പോയ കർഷകന്റെ പഴയ  സുഹൃത്ത് മൊയ്തീൻ പറഞ്ഞു:ഹാഹാ നിലം നന്നായി ഉഴുതുമറിച്ചല്ലോ.ന്നാ ഞാനിനി കുറച്ച് വിത്ത് തരാം.നല്ല വിളവെടുക്കാം.അങ്ങനെ ആ നാട്ടിലെ വിളവെടുപ്പ സമയമായി.എല്ലാവരേക്കാൾ കൂടുതൽ വിള അവർക്കാണ്

കിട്ടിയത്.അങ്ങനെ ആ വിളവിൽ നിന്ന് അവർ ധാരാളം പണമുണ്ടാക്കി. അപ്പോൾ അവർ അവരുടെ അച്ചന്റെ വാക്കിന്റെ അർത്ഥം അവർ മനസ്സിലാക്കി.ഈ വിളയാണ് വിലമധിക്കാനാകാത്ത നിധി എന്ന്. അധ്വാനം കൊണ്ട് ലഭിച്ച വൻവിളവ്....



Vishnu Priya 8A

# തിരിച്ചറിവ്

**പാ**റാവുകാരൻ തുറന്ന് കൊടുത്ത ആ ഇരുമ്പ് ഗൈറ്റിലൂടെ അയാൾ സഞ്ചിയും തൂക്കി പതുക്കെ പുറത്തേക്ക് നടന്നു. ഇരുട്ടറയിലെ ഏകാന്തതയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ അയാൾക്ക് തന്നോടുള്ള വെറുപ്പ് വർദ്ധിക്കുകയായിരുന്നു. പൊള്ളുന്ന വെയിലാണ്.ഈ വെയിലത്തു താൻ ഉരുകിപ്പോയിരുന്നെങ്കിൽ എന്ന് അയാൾ ആഗ്രഹിച്ചുപോയി. കുറച്ചു കാലടികൾ മുന്നോട്ട് വെച്ച് അയാൾ പിന്നോട്ടു തിരിഞ്ഞുപോയി. അയാളുടെ കണ്ണുകൾ നിറഞ്ഞുപോയി. അയാളുടെ മനസ്സ് മന്ത്രിച്ചു.ഇല്ല.ഇനി ഇങ്ങോട്ടൊരു തിരിച്ചുവരവില്ല.

എത്രയോ വർഷങ്ങൾ ഈ ഭ്രാന്താലയത്തിൽ ചങ്ങലകൾക്കിടയിൽ കിടന്നു. അയാൾ കണ്ണുകൾ തുടച്ച് തിരിഞ്ഞു നടന്നു. എങ്ങോട്ട് ഈ യാത്ര എങ്ങോട്ട് പോകണം, മരണത്തിലേക്കോ. എന്തൊക്കെയോ ചിന്തകൾ അയാളുടെ മനസ്സിലൂടെ കടന്നുപോയി. മോനേ, പിറകിൽ നിന്നുള്ള ആ

വിളികേട്ട് അയാൾ തിരിഞ്ഞുനോക്കി. പിറകിലെ ആൽമരച്ചുവട്ടിൽ നിന്നായിരുന്നു ആ വിളി. ആൽമരത്തിണ്ണയിൽ ഒരു വൃദ്ധൻ ഇരുപ്പുണ്ടായിരുന്നു.ആ വൃദ്ധൻ ആയാൾുടെ  അടുത്തേക്ക് പതുക്കെ നടന്നു വന്നു. അയാൾ ആ വൃദ്ധനെ നോക്കി. ചുളിവീണു തുടങ്ങിയ ആ കൺപോളകൾക്കുള്ളിൽ നിർവികാരമായ രണ്ട് കൃഷ്ണമണികൾ തിളങ്ങിയിരുന്നു. ആ ചുണ്ടുകൾ പതുക്കെ മന്ത്രിച്ചു.അച്ഛൻ എന്ന് പറയാൻ കഴിയാതെ രണ്ടുപേരും പരസ്പരം നോക്കി നിന്നു. മോനേ എന്ന ആ വൃദ്ധന്റെ തൊണ്ടയിടറിയ ആ വിളി കേട്ട് അയാൾ പൊട്ടിക്കരഞ്ഞു.

തന്റെ ഗ്രാമത്തിലേക്കുള്ള യാത്രയിൽ അലയിളക്കിക്കൊണ്ട് പരന്നു കിടക്കുന്ന നെൽപ്പാടങ്ങൾക്കിടയിലൂടെ വളഞ്ഞു തിരിഞ്ഞു പോകുന്ന തോടുകൾ താനും തന്റെ കൂട്ടുകാരും നീന്തിക്കളിച്ചിരുന്ന കുളവും അയാൾക്ക് ഓർമ്മ വന്നു. ഗ്രാമത്തിലേക്കുള്ള യാത്രയിൽ അയാൾ ഉറക്കത്തിലേക്ക് വഴുതിവീണു. തോളിൽ തട്ടിയുള്ള മോനേ എന്നുള്ള വിളി കേട്ട് അയാൾ മിഴി തുറന്നു. ബസ്സ്  ഗ്രാമത്തിൽ നിറുത്തി.അവർ ആ

മണ്ണിലേക്കിറങ്ങി.കവലയിലെ ആൾക്കൂട്ടത്തിന് ഇടയിലൂടെ നടന്ന് നീങ്ങുമ്പോൾ പരിചയമുള്ള കുറേ മുഖങ്ങളും ചിലരുടെ മുഖത്ത് തന്നോടുള്ള വെറുപ്പും ചിലരുടെ മുഖത്ത് തന്നോടുള്ള സഹതാബവും മിന്നിമറിയുന്നതായി തോന്നി.ബീരാൻക്കായുടെ കടയിൽ നിന്ന് ആരോ പറയുന്നത് കേട്ടു.ആ പോകുന്നത് ദാമോദരന്റെ മകനല്ലേ എന്ന്. അവന്റെ ഭ്രാന്തൊക്കെ മാറിയോ, ദാമോദരൻ എത്ര കഷ്ടപ്പെട്ടാണ് അവനെ


പഠിപ്പിച്ചിരുന്നത്.അവൻ നന്നായി പഠിക്കുമായിരുന്നു. ചീത്തക്കൂട്ടുകെട്ടിൽപെട്ട് കള്ളും കഞ്ചാവും വലിച്ച് ഭ്രാന്തായി.സ്വന്തം അമ്മയുടെ മരണത്തിനു കാരണക്കാരനായി. അയാളുടെ നെഞ്ചൊന്നുപിടഞ്ഞു. അമ്മയെക്കുറിച്ച് ആലോചിക്കുമ്പോൾ അയാളുടെ മനസ്സിൽ ഒരു നെടുവീർപ്പുണ്ടായിരുന്നു. അമ്മേടെ മോനേ എന്ന് കേൾക്കുന്നതുപോലെ തോന്നി. താൻ ഭ്രാന്തനായ ആ ദിവസത്തെ അയാളുടെ മനസ്സ് നീറുക ആയിരുന്നു. പലരുടെയും കുത്തുവാക്കുകൾ ചെവിയിൽ വന്ന് പതിച്ചു.നടത്തം വേഗത്തിലായിരുന്നു. മനസ്സിൽ വല്ലാത്തൊരു സന്തോഷം

തോന്നി. അയാൾ നടന്ന് തന്റെ വിദ്യാലത്തിന്റെ അടുത്തെത്തി. അയാളിൽ എന്തെന്നില്ലാത്ത ഒരനുഭൂതി.ഒരു തണുത്ത കാറ്റ് എവിടെനിന്നോ വീശി. തന്റെ വിദ്ധ്യാലയം, തന്റെ പ്രിയപ്പെട്ട ഗുരുക്കൻമാർ തന്റെ പ്രിയപ്പെട്ട കൂട്ടുകാർ, എല്ലാം അയാളുടെ മനസ്സിലൂടെ കടന്നുപോയി. ഉല്ലാസവേളയിൽ ആരോ തന്ന കഞ്ചാവു ബീഡിയിൽ തന്റെ ജീവിതം അലിഞ്ഞുപോകുമെന്ന് അയാൾ ഒരിക്കലും കരുതിയില്ല. ആ സായാനത്തിൽ കുളിരുറഞ്ഞ അന്തരീക്ഷത്തിൽ അയാളുടെ കണ്ണുനീർ തുള്ളികൾ ആ മൺവീജികൾ നനഞ്ഞിരുന്നു.

യുവതലമുറയെ ഇല്ലാത്ക്കുന്ന ഈ ലഹരിക്കെതിരെ പോരാടാനുള്ള ഉറച്ച തീരുമാനത്തോടെയായിരുന്നു ആ യാത്ര -

അവന്തിക

8L




Farseena 9J

# വരകളിലൂടെ ..........




Haseena Binth Yaseen 9F





Favas 8K